പ്രവർത്തിച്ചുവരുന്നുണ്ട്. ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷിക യന്ത്രങ്ങളും യന്ത്രവൽകൃത ആധുനിക കാർഷിക പണിയായുധങ്ങളും വിവിധ കാർഷിക പ്രവർത്തനങ്ങൾക്കായി ഫാമുകളിൽ ഉപയോഗിച്ചുവരുന്നുണ്ട്.

(സി) ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും ഉല്പാദന മേഖലയിലും വിപണന മേഖലയിലും മികവ് കാട്ടുന്ന ഫാമുകൾക്ക് സമ്മാനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സമ്മാന പദ്ധതിയെക്കുറിച്ച് പരസ്യം നൽകുകയും അപേക്ഷയിന്മേലുള്ള ഫീൽഡ്തല പരിശോധനകൾ നടക്കുന്നുമുണ്ട്.

സെപ്റ്റിക് ടാങ്കുകളിലെ മാലിന്യം

14 (*284) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ബി. സത്യൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെപ്റ്റിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ജലാശയങ്ങളിലേക്ക് ഒഴുക്കുന്നതുമൂലം ഉണ്ടാകുന്ന മാലിന്യ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് പരിഹാരം കണ്ടെത്തുന്നതിനായി സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) തെരഞ്ഞെടുക്കപ്പെട്ട ജില്ലയിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണെന്ന 2012-13-ലെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടുവോ ;

(ഡി) ഇതിലേക്കായി ശുചിത്വമിഷൻ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സെപ്റ്റേജ് മാലിന്യങ്ങളുടെ ശാസ്ത്രീയമായ നിർമ്മാർജ്ജനം ലക്ഷ്യമാക്കിക്കൊണ്ട് രാജ്യത്തെ തന്നെ ആദ്യത്തെ സെപ്റ്റേജ് സംസ്കരണശാലയുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ കെ.എസ്.യു.ഡി.പി.യുടെ ആഭിമുഖ്യത്തിൽ കൊച്ചിയിലെ ബ്രഹ്മപുരത്ത് പൂർത്തിയാക്കുകയും ട്രയൽ റൺ നടപ്പിലാക്കുകയുമാണ്. ഒരു ദിവസം $100m^3$ സെപ്റ്റേജ് സംസ്കരിക്കാവുന്ന പ്ലാന്റിലേയ്ക്ക് പരീക്ഷണാർത്ഥം 30-5-2015 മുതൽ 20 ലോഡ് സെപ്റ്റേജ് വരെ എത്തിക്കുന്ന പ്രക്രിയയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ സ്വിവറേജ് സംവിധാനം കാര്യക്ഷമമാക്കിയും സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിന് എല്ലാ ജില്ലകളിലും ഒന്നുവീതം സെപ്റ്റേജ് ട്രീറ്റ്മെന്റ് സ്ഥാപിക്കുവാനുള്ള പദ്ധതികൾക്ക് ടെണ്ടർ ക്ഷണിക്കുകയും നടപടികൾ പൂർത്തിയായിവരികയും ചെയ്യുന്നുണ്ട്. സെപ്റ്റിക് ടാങ്ക് മാലിന്യം പുഴയിൽ ഒഴുക്കുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി&ഡി) തിരുവനന്തപുരത്ത് മുട്ടത്തറയിൽ 107 MLD കപ്പാസിറ്റിയുള്ള പ്ലാന്റ് പ്രവർത്തനക്ഷമമായിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇതുപോലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ജില്ലാതലങ്ങളിൽ മാതൃകാ Stand Alone Septage Treatment Plant സ്ഥാപിക്കുന്നതിലേക്ക് സ്ഥലം കണ്ടെത്തുന്നതിന് വേണ്ട നടപടികൾ സർക്കാർ നിർദ്ദേശിച്ച പ്രകാരം ശുചിത്വമിഷന്റെ നേതൃത്വത്തിലും ഏകോപനത്തിലും ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ കളക്ടർമാർ മുഖേനയും മുനിസിപ്പാലിറ്റികൾ മുഖേനയും സ്ഥലം ലഭ്യമാക്കുന്നതിന് നടപടി ആയിട്ടുണ്ട്. കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങൾ സ്ഥാപിക്കേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ ആവശ്യമാണെന്നും ആയത് ജീവിത ശൈലീരോഗങ്ങൾ ഉറപ്പുവരുത്തുന്നതിലേക്ക് അത്യാവശ്യമായ പശ്ചാത്തല സംവിധാനമാണെന്നും ജനങ്ങളെ ബോധ്യപ്പെടുത്തി മാതൃകാ Stand Alone Septage Treatment Plant-കൾ സ്ഥാപിക്കുന്നതിനുള്ള പിന്തുണ ഉറപ്പാക്കുന്നതിനുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ 14 ജില്ലകളിലും ശുചിത്വമിഷൻ സംഘടിപ്പിച്ച് വരുന്നുണ്ട്. സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനങ്ങളെ സംബന്ധിച്ച സാങ്കേതിക വിവരം, നിർവ്വഹണ ഏജൻസികൾക്ക് ശുചിത്വമിഷൻ നൽകിവരുന്നുണ്ട്. മാതൃകാ Stand Alone Septage Treatment Plant-നുള്ള സാമ്പത്തിക സഹായവും ശുചിത്വമിഷൻ മുഖേന ലഭ്യമാക്കുന്നു. ഗ്രാമ പ്രദേശങ്ങളിൽ ക്ലസ്റ്റർ മാതൃകയിൽ Stand Alone Septage Treatment Plant സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഏകോപന പ്രവർത്തനങ്ങൾ ശുചിത്വമിഷൻ മുഖേന നടത്തിവരികയാണ്.